**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4064

16.12.2014-ലെ മറുപടിയ്ക്ക്

## കൊണ്ടോട്ടിയിലുള്ള കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പു മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലുള്ള കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ എന്നിവയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; | (എ) | അവലോകനം നടത്തിയിട്ടുണ്ട്. |
| (ബി) | നീതി മെഡിക്കൽ സ്റ്റോർ എന്നാണ് അടച്ചത് എന്നും, ചെറിയൊരു തീപിടുത്തത്തിന്റെ പേരിൽ ഇത്രയും കാലം തുറക്കാത്തത് എന്തുകൊണ്ടെന്നും വിശദമാക്കുമോ; | (ബി) | 30.03.2014-ൽ ആണ് സ്റ്റോർ അടച്ചത്. ഇൻഷുറൻസ് സംബന്ധമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം സ്റ്റോറിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസം നിമിത്തമാണ്. |
| (സി) | ഇത് എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ഡിസംബർ അവസാനവാരത്തോടെ നീതി മെഡിക്കൽ സ്റ്റോർ തുറന്ന് പ്രവർത്തിപ്പിക്കത്തക്കവിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറിന്റെ വണ്ടിയുടെ ഫിറ്റ്നസ്, അറ്റകുറ്റപ്പണി എന്നിവ എന്നത്തേക്ക് ശരിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (ഡി) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറിന്റെ വണ്ടിയുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയും 2015-ജനുവരി ആദ്യവാരത്തിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഈ മൂന്ന് സ്ഥാപനങ്ങളിലെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ? | (ഇ) | മൂന്നു സ്ഥാപനങ്ങളിലേയും പ്രശ്നങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതിന് റീജിയണൽ മാനേജരെയും സൂപ്പർവിഷൻ ആഫീസറെയും കൺസ്യൂമർഫെഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ